(ബി) ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതിയും പ്രവർത്തനങ്ങളും എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

(സി) ഏറ്റെടുത്ത ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി പരവൂർ, ചിറക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന 95.47 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതെന്നുള്ള അപേക്ഷ കിൻഫ്ര കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളു.

കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കിൻഫ്ര പാർക്ക്

204(911) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കിൻഫ്ര പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകൾ സംബന്ധിച്ച് നിവേദനങ്ങളോ പരാതികളോ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് ;

(ഡി) ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഒരു കത്ത് കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പാർക്കിൽ വ്യവസായ സംരംഭകർക്ക് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ, റോഡുകൾ, ജലം, വൈദ്യുതി, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോൾഡ്സ്റ്റോറേജ് സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പാർക്കിലേക്കുള്ള റോഡുകൾ, പാർക്കിനകത്തുള്ള റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly